**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **14-10-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പിനുലഭിച്ച അംഗീകാരങ്ങളും ബഹുമതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന ആരോഗ്യ വകുപ്പിന് ദേശീയവും അന്തർദേശീയവുമായ എന്തെല്ലാം അംഗീകാരങ്ങളും ബഹുമതികളും ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | ഉത്തരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ആരോഗ്യവകുപ്പിന്റെ പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നല്കിയതിനുള്ള 2022 ലെ ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചു.

കേന്ദ്ര ആഭ്യന്തര മന്ത്രാലയം ക്ഷയരോഗമുക്ത നിലവാരം വിലയിരുത്തുന്നതിനു വേണ്ടിയുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്. നാഷണൽ ടി. ബി. എലിമിനേഷൻ പ്രോഗ്രാമിന്റെ ഭാഗമായി വയനാട് ജില്ല കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഗോൾഡ് മെഡലിന് അർഹമായി. തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം , പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് സിൽവർ കാറ്റഗറിയിലും പുരസ്കാരം ലഭിച്ചു.

2020-ൽ ഐക്യ രാഷ്ട്ര സഭ (UN inter Agency Task Forceon NCD) പ്രഖ്യാപിച്ച ഏറ്റവും മികച്ച ജീവിതശൈലി രോഗനിർണ്ണയ പദ്ധതിക്കുള്ള അംഗരാജ്യങ്ങൾക്ക് നൽകുന്ന അന്തർ ദേശീയ പുരസ്കാരം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിക്കുകയുണ്ടായി.

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യയോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിലൂടെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള അവാർഡ് തുടർച്ചയായ 3-ാം വർഷവും കേരളം കരസ്ഥമാക്കി.

ഇന്ത്യയിൽ മാതൃ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിന് 2022 ഡിസംബർ മാസത്തിൽ ലഭിച്ചു.

ആശാധാര പ്രോജക്റ്റിന് 2023 -ൽ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്.

ലോക രോഗീ സുരക്ഷാ ദിനത്തിന്റെ (International Patient safety Day ) 17 സെപ്റ്റംബർ 2021 ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് ("Rogi Suraksha Saptahh") വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം (അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി.

ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു .എ .എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ (21 -100 ആശുപത്രി) തലത്തിൽ, കേരളം ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു .എ .എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ (501-1000 ആശുപത്രി ) തലത്തിൽ, കേരളം റണ്ണർ അപ്പായി തിരഞ്ഞെടുക്കപ്പെട്ടു.

ഗവേണൻസ് നൗ ഡിജിറ്റൽ ഇന്നൊവേഷൻ ഫോർ ഹെൽത്ത്കെയർ ട്രെയിനിംഗ് - നാലാമത്തെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2021 (പ്രോജക്റ്റ് - AB PMJAY KASP-യുമായി KBF-ന്റെ സംയോജനം).

APAC ഹെൽത്ത്കെയർ ഇംപാക്റ്റ് അവാർഡ് 2022 - APAC 4th ഹെൽത്ത് ടെക് ഇന്നൊവേഷൻ കോൺക്ലേവ് 3rd - 4th മാർച്ച് 2022 (പ്രോജക്റ്റ്: ഹെൽത്ത്കെയർ മേഖലയിലെ നേതൃത്വപരമായ പങ്ക്)

ആരോഗ്യ മന്ഥൻ 2021 - ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം 2021 - ഏറ്റവും ഉയർന്ന ആശുപത്രിവാസ നിരക്കുള്ള മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)

ഇൻഡി ഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022 - കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.

ആരോഗ്യ മന്ഥൻ 2023 ആയുഷ്മാൻ ഉത്കൃഷ്ടത അവാർഡ് 2023. PM-JAY (ഒക്ടോബർ 2022 മുതൽ സെപ്റ്റംബർ 2023 വരെ) പദ്ധതിയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കിയതിന്. (കാഴ്ചപരിമിതർക്കായുള്ള ആരോഗ്യ ഇൻഷുറൻസ് കാർഡിന് ദേശീയ അംഗീകാരം)

AB PM- JAY യ്ക്ക് കീഴിൽ 1000 ഗുണഭോക്താക്കൾ ഏറ്റവും കൂടുതൽ ബെഡുകൾ എംപാനൽ ചെയ്ത സംസ്ഥാത്തിനുള്ള അവാർഡ്.

AB PM-JAY KASP (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ്.

AB PM-JAY KASP-ന് പദ്ധതിയിൽ കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90 % കുടുംബങ്ങൾക്ക് മുകളിലുള്ള സംസ്ഥാനം

AB PM-JAY KASP പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗം നടത്തിയ സംസ്ഥാനത്തിനുള്ള അവാർഡ്

ഗവേണൻസ് നൗ പിഎസ്‌യു ഐടി അവാർഡുകൾ 2023 - മികച്ച ഐടി സംവിധാനം നടപ്പാക്കൽ പദ്ധതി (ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ) എന്ന വിഭാഗത്തിന് കീഴിൽ.

2022-ൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ മാതൃ മരണനിരക്കുള്ള സംസ്ഥാനം എന്ന നിലയിൽ ആരോഗ്യവകുപ്പിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

2021 ൽ സെൻട്രൽ ടി ബി ഡിവിഷൻ, കേന്ദ്ര ആരോഗ്യമന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യയുടേയും മറ്റു അനുബന്ധ ഏജൻസികളായ WHO, ICMR-NIRT Chennai, IAPSM (Indian Association of Preventive and Social Medicine) വും ചേർന്ന് നടത്തിയ രാജ്യത്തെ ക്ഷയരോഗ നിർമ്മാർജ്ജനത്തിന്റെ പുരോഗതി വിലയിരുത്തുന്ന സബ് നാഷണൽ സർട്ടിഫിക്കേഷനിൽ കേരളത്തിന് 2015 നെ അപേക്ഷിച്ച് 2021 ൽ സംസ്ഥാനത്തു ക്ഷയരോഗികളുടെ എണ്ണത്തിൽ 40% കൂടുതൽ കുറവ് ഉള്ളതായി സെൻട്രൽ ടി ബി ഡിവിഷൻ കണ്ടെത്തി സിൽവർ മെഡൽ നൽകി. സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 2020 ലും 2021 ലും ഏറ്റവും ഉയർന്ന അവാർഡ് ലഭിച്ചത് കേരളത്തിന് മാത്രമാണ്.

നമ്മുടെ സംസ്ഥാനത്തിലെ 9 ജില്ലകളിൽ നിന്നായി 60 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (പഞ്ചായത്തുകൾ -59 + മുനിസിപ്പാലിറ്റി -1) 2023 ൽ ടി ബി മുക്ത പഞ്ചായത്തുകളായി സർട്ടിഫൈ ചെയ്തിട്ടുണ്ട്.

ടി ബി നിയന്ത്രണ രംഗത്ത് സ്വകാര്യമേഖലാ പങ്കാളിത്തം ഉറപ്പുവരുത്തുന്ന STEPS (System for TB Elimination in Private Sector) പദ്ധതി തുടങ്ങിയത് കേരളത്തിലാണ്. 2023 ൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക ടി ബി രോഗ നിർണ്ണയത്തിനായി ലക്ഷ്യം (Target) നിർണയിച്ചു നൽകിയിരുന്നു. ഏറ്റവും കൂടുതൽ ജില്ലകൾ ഇതിന്റെ 90% ലക്ഷ്യം കണ്ടെത്തിയതിനു ദേശീയതല പുരസ്കാരം നമുക്ക് ലഭിച്ചു. കൂടാതെ സ്വകാര്യമേഖലയ്ക്ക നൽകിയ ലക്ഷ്യം കൈവരിച്ചതിൽ ദേശീയതലത്തിൽ, നമ്മൾ ഒന്നാം സ്ഥാനത്താണ്.

കേൾവിയുടെയും കേൾവിക്കുറവിന്റെയും മേഖലയിൽ സംസ്ഥാന ദേശീയ ബധിരത നിയന്ത്രണ പദ്ധതി നടത്തിയ പ്രവർത്തനങ്ങളെ മുൻനിർത്തി 2021-23 ൽ ലോകാരോഗ്യസംഘടനയുടെ (WHO) വേൾഡ് ഹിയറിങ് ഫോറത്തിൽ (WHF) അംഗത്വം ലഭിക്കുകയും 2024-25 ൽ അംഗത്വം പുതുക്കി കിട്ടുകയും ചെയ്തു.

2022 ൽ ലോക ബധിര ദിനത്തിൽ പങ്കെടുത്തതിന് ലോകാരോഗ്യ സംഘടനയുടെ (WHO) വേൾഡ് ഹിയറിങ് ഫോറത്തിൽ (WHF) നിന്നും പങ്കാളിത്ത സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു.

ആശാധാര പ്രോജക്റ്റിന് 2023-ലെ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡു ലഭിച്ചിട്ടുണ്ട്.

ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 ലെ കണക്കുകൾ അനുസരിച്ച് ശിശുമരണ നിരക്കിന്റെ ദേശീയ ശരാശരി 35 ഉം (SRS 2020 പ്രകാരം ദേശീയ ശരാശരി 28-ഉം) കേരളത്തിൻെറ 6 ഉം ആകുന്നു. (ഇന്ത്യയിൽ കേരളത്തിന്റെ ഏറ്റവും കുറവ്).

സുസ്ഥിര വികസന സൂചിക 2023 പ്രകാരം നവജാതശിശുമരണ നിരക്ക് 2030 ൽ ലക്ഷ്യം വെച്ചിരുന്നത് 1000 കുഞ്ഞുങ്ങൾക്ക് 12 എന്നായിരുന്നു, എന്നാൽ കേരളത്തിൽ ഇത് 1000 കുഞ്ഞുങ്ങളിൽ 4 എന്ന നേട്ടം കേരള ആരോഗ്യ വകുപ്പിന് കൈവരിക്കാൻ സാധിച്ചു. ഇതിനു ഈട് പാകിയത് ഹൃദ്യം, ശലഭം , അമ്മയും കുഞ്ഞും പദ്ധതി, ക്രിട്ടിക്കൽ ന്യൂബോൺ കെയർ, SNCU, NBSU , NBCC , NRC, Mother and Baby Friendly Hospital Initiative, MUSQAN, KARE തുടങ്ങിയ നൂതന പദ്ധതികൾ ആണ്.

ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം 2023 ലേക്കുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം പങ്കെടുക്കുകയും ഇതിന്റെ ഫലമായി ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിൽ 44-ാം റാങ്ക് ലഭിക്കുകയും ചെയ്തു. അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ എസ് എ റ്റി. ആശുപത്രിയ്ക്ക് LaQshya സർട്ടിഫിക്കേഷൻ ലഭിച്ചു. എസ്.എ.ടി

ആശുപത്രിയ്ക്ക് (Mother Baby Friendly Hospital Initiative) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡുകൾ (കാസ്പ് ഹെൽത്ത് ഇൻഷുറൻസ്) ജനങ്ങൾക്ക് നൽകിയതിന് സംസ്ഥാന തലത്തിൽ ആശുപത്രിയ്ക്ക് ഒന്നാം സ്ഥാനവും, ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ആരോഗ്യ രംഗത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി ഏറ്റവും കൂടുതൽ ജനങ്ങൾക്ക് സൗജന്യചികിത്സ നൽകിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം 2023-ൽ ദേശീയ തലത്തിൽ സംസ്ഥാനം കൈവരിക്കുകയുണ്ടായി.

ഗവ. മെഡിക്കൽ കോളേജ്, കോട്ടയം ആരോഗ്യ മന്ഥൻ പുരസ്കാരം 3.0 (KASP) - 2021 , 4.0 (KASP) - 2022 ലും ലഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിന് 2022-23 ൽ 87% മാർക്കോട് LaQshya അംഗീകാരവും 97.26% മാർക്കോടെ Mother Baby Friendly Initiative അംഗീകാരവും നേടി. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തന മികവിന് NHM ന്റെ Mother and Baby Friendly Hospital അവാർഡ് 2023 ൽ ലഭിച്ചു. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് 2023 വർഷത്തിൽ LaQshya പുരസ്കാരം ലഭിച്ചിട്ടുണ്ട്. കോന്നി സർക്കാർ മെഡിക്കൽ കോളേജിന് കഴിഞ്ഞ ശബരിമല മണ്ഡലകാല ഉത്സവ സീസണിലെ (2023-24) മികച്ച Base Hospital ന് ഉള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. മികച്ച കോളേജുകളിൽ ശിശുസൗഹൃദ ദേശീയ മുസ്കാൻ(MusQan) സർട്ടിഫിക്കേഷൻ 96% മാർക്കോടുകൂടി ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട് 2024 ജനുവരിയിൽ സ്വന്തമാക്കി. കൂടാതെ LaQshya, Mother Baby Friendly Hospital Initiative അക്രഡിറ്റേഷൻ അംഗീകാരം എന്നിവയും ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോടിന് ലഭിച്ചു. കൂടാതെ 2021-22 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു. 2021 ദേശീയ രക്തദാന ദിനത്തോടനുബന്ധിച്ച് നടത്തിയ KSACS 2 Kerala Blood Transfusion Council ലും സംയുക്തമായി സംഘടിപ്പിച്ച സസ്നേഹം സഹജീവിക്കായി എന്ന രക്തദാന ചാലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തു. MBFHI 2022 അംഗീകാരം ഗവ.മെഡിക്കൽ കോളേജ് മഞ്ചേരിക്ക് ലഭിച്ചു.

**ആരോഗ്യ വകുപ്പിന് ദേശീയതലത്തിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.**

- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ 2022 ലും 2023 ലും ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ച സംസ്ഥാനം.
- ഹീമോഫീലിയ വിവര ശേഖരണത്തിനും ഏകോപനത്തിനും അന്തർദേശീയ അംഗീകാരം
- ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ (2022, 2023) കേരളം ഒന്നാമത്.
- ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം (2021)
- ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ്
- ഇന്ത്യാ ടുഡേയുടെ 'ഹെൽത്ത്ഗിരി' അവാർഡ്
- എഫ് .എസ് .എസ് .എ.ഐ.യുടെ ഈറ്റ് റൈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ നാല് നഗരങ്ങൾക്ക് ദേശീയ പുരസ്കാരം.
- രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയോളജി ഇന്റർവെൻഷൻ നടത്തുന്ന ആശുപത്രിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ് .

Shaila.m

സെക്ഷൻ ഓഫീസർ